(ബി) ഉണ്ടെങ്കിൽ ആർക്കൊക്കെ എതിരെ; അന്വേഷണത്തിന്റെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഹാൻടെക്സിലെ ജീവനക്കാർക്കെതിരെ വിജിലൻസ് അന്വേഷണം നിലവിലില്ല.

**ജയിലുകളിൽ വീഡിയോ കോൺഫറൻസിംഗ് സംവിധാനം**

**257 (3769)** ശ്രീ. ആർ . സെൽവരാജ് :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജയിലുകളിൽ വീഡിയോ കോൺഫറൻസിംഗ് സംവിധാനത്തിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നു വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) തടവുകാരെ നേരിട്ട് കോടതിയിൽ ഹാജരാക്കാതെ ഈ സംവിധാനം വഴി വിചാരണ പൂർത്തിയാക്കുവാൻ സാധിക്കും. തടവുകാരെ കോടതിയിൽ കൊണ്ടുപോകുമ്പോഴുള്ള സുരക്ഷാ പ്രശ്നങ്ങളൊഴിവാകും. എസ്കോർട്ട് ഡ്യൂട്ടിയിൽനിന്നും പോലീസ് ഉദ്യോഗസ്ഥരെ ഒഴിവാക്കുവാനും സാധിക്കും.

(സി) വീഡിയോ കോൺഫറൻസിംഗ് സംവിധാനം നിലവിലില്ലാത്ത ജയിലുകളിൽ അവ സ്ഥാപിക്കുന്നതിനും നിലവിൽ പ്രവർത്തനക്ഷമമല്ലാത്ത ജയിലുകളിൽ ആയത് പ്രവർത്തന ക്ഷമമാക്കുന്നതിനുമായി 11.25 കോടി രൂപ ചെലവുവരുന്ന പദ്ധതി സർക്കാർ നടപ്പാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly